സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

culturaldirectortdb@gmail.com

ഡയറക്ടറാഫീസ്,
സാംസ്കാരിക-പുരാവസ്തു വിഭാഗം
തിരുവനന്തപുരം

നം:50/20/സിഎ4

24 ..06..2022.

## വിജ്ഞാപനം.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വൈക്കം, ആറ്റിങ്ങൽ ക്ഷേത്രകലാപീഠത്തിൽ പഞ്ചവാദ്യം, തകിൽ, നാദസ്വരം ത്രിവത്സര സർട്ടിഫിക്കറ്റ് കോഴ്സുകളിലേയ്ക്ക് 2022-23 അദ്ധ്യായനവർഷത്തേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷകർ 15 നും 20 മദ്ധ്യേ പ്രായമുള്ളവരും 10-ാം ക്ലാസ്സ് പാസ്സായിട്ടുള്ളവരും (പ്ലസ് 2 പാസ്സായവർക്ക് മുൻഗണന) ഹിന്ദു സമുദായത്തിൽപ്പെട്ട ആൺകുട്ടികളും ആയിരിക്കണം. അഡ്മിഷൻ ലഭിക്കുന്നവർക്ക് ഭക്ഷണവും താമസ സൗകര്യവും ദേവസ്വം ബോർഡ് നൽകുന്നതായിരിക്കും. അപേക്ഷഫാറം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വെബ്സൈറ്റായ www.travancoredevaswomboard.org യിൽ നിന്നും ഡൗൺലോഡ് ചെയ്ത് അപേക്ഷ ഫീസായ 100/- (നൂറ്) രൂപ ദേവസ്വം കമ്മീഷണറുടെ പേരിലുള്ള 126-1-6223-ാം നമ്പർ അക്കൗണ്ട് ഹെഡിൽ, ധനലക്ഷ്മി ബാങ്കിന്റെ നന്ദൻകോട് ശാഖയിൽ മാറത്തക്ക വിധം ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് അപേക്ഷിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2022 ജൂലായ് 23-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി അതാത് ക്ഷേത്രകലാപീഠത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം വയസ്സ്, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, സ്വഭാവസർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകളും, ഡിമാന്റ് ഡ്രാഫ്റ്റും (ഒറിജിനൽ). ഹാജരാക്കേണ്ടതാണ്. അപേക്ഷകരുമായി ബന്ധപ്പെടുവാനുള്ള ഫോൺനമ്പരുംകൂടി അപേക്ഷയോടൊപ്പം നിർബന്ധമായി ചേർത്തിരിക്കണം.

വൈക്കം ക്ഷേത്രകലാപീഠത്തിലെ അഭിരുചി പരീക്ഷ 2022 ജൂലായ് 26-ാം തീയതി വൈക്കം ക്ഷേത്രകലാപീഠത്തിലും, ആറ്റിങ്ങൽ ക്ഷേത്രകലാപീഠത്തിലെ അഭിരുചി പരീക്ഷ ജൂലായ് 30-ാം തീയതി ആറ്റിങ്ങൽ ക്ഷേത്രകലാപീഠത്തിലും വച്ച് നടത്തുന്നതായിരിക്കും. പ്രസ്തുത ദിവസം രാവിലെ 10 മണിയ്ക്ക് സർട്ടിഫിക്കറ്റുകളുടെ അസൽ സഹിതം അപേക്ഷകർ അതാത് ക്ഷേത്രകലാപീഠത്തിൽ ഹാജരാകേണ്ടതാണ്.അപേക്ഷകൻ

അഡ്മിഷൻ എടുക്കേണ്ട ക്ഷേത്രകലാപീഠത്തിലാണ് അപേക്ഷ അയക്കേണ്ടത്. വൈക്കം, ആറ്റിങ്ങൽ ക്ഷേത്രകലാപീഠങ്ങളുടെ അഡ്രസ്സ് ചുവടെ ചേർക്കുന്നു.

<u>വൈക്കം</u>

മാനേജർ

ക്ഷേത്രകലാപീഠം

വൈക്കം, വൈക്കം പി.ഒ

കോട്ടയം-686141

<u>ആറ്റിങ്ങൽ</u>

മാനേജർ

കോയിക്കൽ ക്ഷേത്രകലാപീഠം

കൊല്ലമ്പുഴ, ആറ്റിങ്ങൽ പി.ഒ

തിരുവനന്തപുരം-695101

വിശ്വസ്തതയോടെ,

ഡയറക്ടർ

# നിബന്ധനകൾ

1. അതാത് അക്കാഡമിക്ക് വർഷം ജൂൺ ഒന്നാം തീയതി 15 വയസ്സിനും 20 വയസ്സിനും മധ്യേ പ്രായമുള്ളതും എസ്. എസ്. എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായിട്ടുള്ള ആൺകുട്ടികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു.
2. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിലേക്ക് എസ്.എസ്.എൽ.സി. ബുക്കിലെ പ്രസക്തഭാഗത്തിന്റെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തി ഹാജരാക്കണം. അസ്സൽ ഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്.
3. സ്വഭാവസർട്ടിഫിക്കറ്റ് ഗസറ്റഡ് ആഫീസറുടെയോ, വിദ്യാഭ്യാസം നടത്തിയ സ്കൂളിലെ ഹെഡ്മാസ്റ്ററുടെയോ ആയിരിക്കണം.
4. ക്ഷേത്രകലാപീഠം ഗുരുകുല സമ്പ്രദായത്തിൽ നടത്തുന്നതാകയാൽ കലാപീഠം നടത്തുന്ന ഹോസ്റ്റലിൽ വാർഡന്റെ ശിക്ഷണത്തിന് വിധേയമായി താമസിക്കേണ്ടതാണ്.
5. പ്രവേശനം ലഭിക്കുന്ന എല്ലാ വിദ്യാർഥികളും 3000/-രൂപ അഡ്മിഷൻ ഫീസായും 1000/-രൂപ പി.ടി.എ. ഫണ്ടായും 2000/-രൂപ കോഷൻ ഡെപ്പോസിറ്റായും അടച്ച് രസീത് വാങ്ങേണ്ടതാണ്.
6. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർഥിക്കും സൗജന്യതാമസവും ഭക്ഷണവും അനുവദിക്കുന്നതാണ്. പുറമേ നിന്നുള്ള ഭക്ഷണം അനുവദിക്കുകയില്ല.
7. ഒരിക്കൽ പ്രവേശനം നേടിയശേഷം ടി അക്കാഡമിക് വർഷം പഠനം പൂർത്തിയാക്കാതെ പോകുന്ന വിദ്യാർഥികൾക്ക് അതുവരെയുള്ള സ്റ്റൈഫെന്റ് തുക തിരികെ അടച്ചാൽ മാത്രമേ അവരുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ മടക്കി നൽകുകയുള്ളു.
8. ഒരു വർഷത്തിൽ 75% ഹാജർ ഇല്ലാത്ത ഫൈനൽ ഇയർ വിദ്യാർഥികളെ യാതൊരു കാരണവശാലും ഫൈനൽ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.
9. 30 ദിവസത്തിൽ കൂടുതൽ ഒരു വിദ്യാർഥി ഹാജരാകാതിരുന്നാൽ ആ വിദ്യാർഥിക്ക് തുടർപഠനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
10. പഠനകാലയളവിൽ ഡിപ്പാർട്ടുമെന്റ് നിർദ്ദേശിക്കുന്ന പ്രോഗ്രാമുകൾക്ക് അല്ലാതെ പുറമേയുള്ള പ്രോഗ്രാമുകളിൽ വിദ്യാർഥികൾ പങ്കെടുക്കാൻ പാടില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ആറ്റിങ്ങൽ ക്ഷേത്രകലാപീഠത്തിൽ വിദ്യാർഥിയായി ചേരുന്നതിനുള്ള

## അപേക്ഷാഫാറം

| | | |
|---|---|---|
| 1. | പേര് | |
| 2. | മേൽവിലാസം | |
| 3. | അച്ഛന്റേയോ രക്ഷകർത്താവിന്റേയോ പേരും മേൽവിലാസവും ഫോൺ നമ്പറും | |
| 4. | വയസ്സും ജനനത്തീയതിയും | |
| 5. | വിദ്യാഭ്യാസ യോഗ്യത | |
| 6. | (എ) പാരമ്പര്യ കലാകാരന്മാരുടെ കുടുംബത്തിലെ അംഗമാണോ?<br>(ബി) എങ്കിൽ ഏത് കുടുംബത്തിലെ ഏത് കലാവിഭാഗം | |
| 7. | വയസ്സും ജനനത്തീയതിയും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്. | |
| 8. | സ്വഭാവ സർട്ടിഫിക്കറ്റിന്റെ പകർപ്പ് | |
| 9. | രക്ഷകർത്താവിന്റെ വാർഷിക വരുമാനം | |
| 10. | ഐശ്ചികവിഷയം | |
| 11. | രക്ഷകർത്താവിന്റെ ഒപ്പ് | |
| 12. | അപേക്ഷകന്റെ ഒപ്പ് | |
| 13. | തീയതി | |

തീരുമാനം

ഡയറക്ടർ
ക്ഷേത്രകലാപീഠം, വൈക്കം,
തിരുവിതാംകൂർ ദേവസ്വം ബോർഡ്.

# നിബന്ധനകൾ

1. അതാത് അക്കാഡമിക്ക് വർഷം ജൂൺ ഒന്നാം തീയതി 15 വയസ്സിനും 20 വയസ്സിനും മധ്യേ പ്രായമുള്ളതും എസ്. എസ്. എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായിട്ടുള്ള ആൺകുട്ടികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു.

2. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിലേക്ക് എസ്.എസ്.എൽ.സി. ബുക്കിലെ പ്രസക്തഭാഗത്തിന്റെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തി ഹാജരാക്കണം. അസ്സൽ ഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്.

3. സ്വഭാവസർട്ടിഫിക്കറ്റ് ഗസറ്റഡ് ആഫീസറുടെയോ, വിദ്യാഭ്യാസം നടത്തിയ സ്കൂളിലെ ഹെഡ്മാസ്റ്ററുടെയോ ആയിരിക്കണം.

4. ക്ഷേത്രകലാപീഠം ഗുരുകുല സമ്പ്രദായത്തിൽ നടത്തുന്നതാകയാൽ കലാപീഠം നടത്തുന്ന ഹോസ്റ്റലിൽ വാർഡന്റെ ശിക്ഷണത്തിന് വിധേയമായി താമസിക്കേണ്ടതാണ്.

5. പ്രവേശനം ലഭിക്കുന്ന എല്ലാ വിദ്യാർഥികളും 3000/-രൂപ അഡ്മിഷൻ ഫീസായും 1000/-രൂപ പി.ടി.എ. ഫണ്ടായും 2000/-രൂപ കോഷൻ ഡെപ്പോസിറ്റായും അടച്ച് രസീത് വാങ്ങേണ്ടതാണ്.

6. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർഥിക്കും സൗജന്യതാമസവും ഭക്ഷണവും അനുവദിക്കുന്നതാണ്. പുറമേ നിന്നുള്ള ഭക്ഷണം അനുവദിക്കുകയില്ല.

7. ഒരിക്കൽ പ്രവേശനം നേടിയശേഷം ടി അക്കാഡമിക് വർഷം പഠനം പൂർത്തിയാക്കാതെ പോകുന്ന വിദ്യാർഥികൾക്ക് അതുവരെയുള്ള സ്റ്റൈഫെന്റ് തുക തിരികെ അടച്ചാൽ മാത്രമേ അവരുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ മടക്കി നൽകുകയുള്ളു.

8. ഒരു വർഷത്തിൽ 75% ഹാജർ ഇല്ലാത്ത ഫൈനൽ ഇയർ വിദ്യാർഥികളെ യാതൊരു കാരണവശാലും ഫൈനൽ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

9. 30 ദിവസത്തിൽ കൂടുതൽ ഒരു വിദ്യാർഥി ഹാജരാകാതിരുന്നാൽ ആ വിദ്യാർഥിക്ക് തുടർപഠനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

10. പഠനകാലയളവിൽ ഡിപ്പാർട്ടുമെന്റ് നിർദ്ദേശിക്കുന്ന പ്രോഗ്രാമുകൾക്ക് അല്ലാതെ പുറമേയുള്ള പ്രോഗ്രാമുകളിൽ വിദ്യാർഥികൾ പങ്കെടുക്കാൻ പാടില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡ്

# വൈക്കം ക്ഷേത്രകലാപീഠത്തിൽ വിദ്യാർഥിയായി ചേരുന്നതിനുള്ള

# അപേക്ഷാഫാറം

| | | |
|---|---|---|
| 1. | പേര് | |
| 2. | മേൽവിലാസം | |
| 3. | അച്ഛന്റേയോ രക്ഷകർത്താവിന്റേയോ പേരും മേൽവിലാസവും ഫോൺ നമ്പറും | |
| 4. | വയസ്സും ജനനത്തീയതിയും | |
| 5. | വിദ്യാഭ്യാസ യോഗ്യത | |
| 6. | (എ) പാരമ്പര്യ കലാകാരന്മാരുടെ കുടുംബത്തിലെ അംഗമാണോ?<br>(ബി) എങ്കിൽ ഏത് കുടുംബത്തിലെ ഏത് കലാവിഭാഗം | |
| 7. | വയസ്സും ജനനതീയതിയും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്. | |
| 8. | സ്വഭാവ സർട്ടിഫിക്കറ്റിന്റെ പകർപ്പ് | |
| 9. | രക്ഷകർത്താവിന്റെ വാർഷിക വരുമാനം | |
| 10. | ഐച്ഛികവിഷയം | |
| 11. | രക്ഷകർത്താവിന്റെ ഒപ്പ് | |
| 12. | അപേക്ഷകന്റെ ഒപ്പ് | |
| 13. | തീയതി | |

തീരുമാനം

ഡയറക്ടർ
ക്ഷേത്രകലാപീഠം, വൈക്കം,
തിരുവിതാംകൂർ ദേവസ്വം ബോർഡ്.